# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4797

04/07/2012-ൽ മറുപടി പറയേണ്ടത്

## സർക്കാർ ഉത്തരവുകൾ ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി

| ചോദ്യം<br><br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ഉത്തരം<br><br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകൾക്കും അന്നേദിവസം ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കും എന്ന പ്രഖ്യാപനം പൂർണ്ണമായി നടപ്പിലാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; | (എ) ഔദ്യോഗിക വെബ്പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ ലഭ്യമാക്കിയ എല്ലാ ഉത്തരവുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം നിലയിലുള്ള ഉത്തരവുകളാണ് ഇതിനകം സൈറ്റിൽ നൽകാത്തത്; പ്രഖ്യാപനത്തിനു ശേഷം ഇതുവരെ സൈറ്റിന് നൽകാതിരുന്ന ഓരോ വകുപ്പിൽ നിന്നുമുള്ള ഉത്തരവുകൾ എത്രയാണ്; | (ബി) പ്രഖ്യാപനത്തിനുശേഷം ഇതുവരെ സൈറ്റിന് നൽകാതിരുന്ന മറ്റു വകുപ്പുകളിൽ നിന്നുള്ള ഉത്തരവുകൾ എത്രയാണെന്ന് അതാത് വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. |
| (സി) വെബ്സൈറ്റ് അനുവദിച്ചതിനു ശേഷം ഏതെല്ലാം വകുപ്പുകളിൽ നിന്നുള്ള പ്രൈസ് ബിഡ്സ് റിസൾട്ടും, എഗ്രിമെന്റുകളും സൈറ്റിൽ എത്ര ദിവസത്തിനകം തന്നെ പബ്ലിഷ് ചെയ്യാതിരുന്നിട്ടുണ്ട്; | (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്. |
| (ഡി) വെബ്സൈറ്റ് ആരംഭിച്ചതിനുശേഷം ഇതുവരെയുള്ള എല്ലാ ഗവൺമെന്റ് ഉത്തരവുകളും, സർക്കാർ കരാറുകളുടെ പകർപ്പും പ്രൈസ് ബിഡ്സ് റിസൾട്ടും സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുമോ? | (ഡി) പബ്ലിക് റിലേഷൻസ് വകുപ്പിന് ലഭ്യമാക്കിയ ഉത്തരവുകളും ടെൻഡറുകളും ഔദ്യോഗിക വെബ്പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രൈസ് ബിഡ്സ് റിസൾട്ട് ലഭിച്ചിട്ടില്ല. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ അതാത് വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ